
10 ഞാ ✠ ഫലാഗമകാലം 6-ാം ഞായർ വെ
അടുത്ത വെള്ളി മാതാവിന്റെ സ്വർഗ്ഗാരോപണം; കടമുള്ള ദിവസം
1 പത്രോ 2, 11-17 രാഷ്ട്രത്തോടുള്ള കടപ്പാട്
ലൂക്കാ 20, 20-26 സീസറിന്റേതു് സീസറിനു്

11 തി ക. ക്ലാര വെ
1 കൊറി 7, 32-35 സമ്പൂർണ്ണമായി അർപ്പിക്കപ്പെട്ടവർ
ലൂക്കാ 10, 38-42 മേരി ഏറ്റം നല്ലതു തിരഞ്ഞെടുത്തു

12 ചൊ വേ. ലോറൻസ് (10-ാംനു) ചു
2 കൊറി 9, 6-10 സന്തോഷത്തോടെ സഹായം നൽകുക
യോഹ 12, 20-26 കോതമ്പുമണി ക്ഷയിച്ചാൽ

13 ബു മഗ്ദ. ജോൺ ബക്കുമാൻസ് വെ
ഫീലി 3, 5-11 മിശിഹായ്ക്കുവേണ്ടി എല്ലാം ത്യജിക്കുക
മത്താ 19, 27-30 ഒന്നിനു നൂറായി ലഭിക്കും

14 വ്യാ വി സ്റ്റനിസ്ലാസ് കോസ്ക്കാ
റോമ 8, 31-39 നിസ്തുലമായ ക്രിസ്തുസ്നേഹം വെ
മർക്കോ 10, 17-27 എല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക

15 വെ ✠ മാതാവിന്റെ സ്വർഗ്ഗാരോപണം വെ
കടമുള്ള ദിവസം, ഭാരതസ്വാതന്ത്ര്യദിനം
പ്രത്യേക പ്രാർത്ഥന (സി. ബി. സി. ഐ.)
ഇന്നു ദേവാലയം സന്ദർശിച്ചു 1 സ്വർഗ്ഗ. 1 വിശ്വാസ.
ചൊല്ലിയാൽ പൊർസ്യുങ്കുള എന്ന പൂർണ്ണദണ്ഡവി
മോചനം പ്രാപിക്കാം. (2-ാം തീയതിക്കു പകരം)
ഗലാ 5, 13-18 ശരീരത്തിന്റെ മഹത്വീകരണം
ലൂക്കാ 1, 46-55 ഞാനെന്റെ നാഥനെ വാഴ്ത്തുന്നു

16 ശ തൃശ്ശൂർ രൂപതാദ്ധ്യക്ഷന്റെ വാഴ്ച (1970) വെ
യാക്കോ 4, 6-12 സംസാരനിയന്ത്രണം
മത്താ 12, 33-37 സംസാരം ഹൃദയത്തിന്റെ പ്രകാശനം

17 ഞാ ✠ ഫലാഗമകാലം 7-ാം ഞായർ വെ
യാക്കോ 5 1-6 ധനത്തിന്റെ ദുരുപയോഗം
ലൂക്കാ 16, 19-31 ധനികനും ലാസറും

18 തി വി. ഹെലേനാ രാജ്ഞി വെ
1 കൊറി 1, 18-24 കുരിശു ദിവ്യശക്തിയുടെ പ്രതീകം
യോഹ 12, 20-26 എന്റെ ശുശ്രൂഷിയെ
പിതാവു് ബഹുമാനിക്കും

19 ചൊ അപ്പ 6, 5-12 ക്രിസ്തീയമായ അധികാരവും വെ
അനുസരണവും
ലൂക്കാ 7, 1-10 ശതാധിപനെ ഈശോ സ്തുതിക്കുന്നു

20 ബു മ. ബർണാർദ് വെ
1 കൊറി 12, 26-13, 3 വിജ്ഞാനവും
സ്നേഹതീവ്രതയും
ലൂക്കാ 11, 27-36 ദൈവവചനത്തിൽനിന്നു
പ്രകാശം പ്രാപിച്ചവർ

21 വ്യാ മഹ. പത്താം പീയുസ് മാപ്പ്രാപ്പാ വെ
കൊല 1, 25-2, 5 മിശിഹായ്ക്കും സഭയ്ക്കുംവേണ്ടി
യോഹ 21, 15-17 നീ എന്നെ സ്നേഹിക്കുന്നുവോ?

22 വെ കന്യകാമേരി രാജ്ഞി വെ
കൊല 1, 13-20 മിശിഹായുടെ ഭരണസീമ
ലൂക്കാ 1, 39-47 എന്റെ കർത്താവിന്റെ അമ്മ

23 ശ ലീമായിലെ ക. റോസ വെ
2 കൊറി 12, 3-10 സഹനത്തിൽ ദൈവാനുഗ്രഹം
മത്താ 25, 1-13 ബുദ്ധിമതികളായ കന്യകമാർ

24 ഞാ ✠ സ്ലീവാക്കാലം 1-ാം ഞായർ വെ
ശ്ലീ. ബർത്തലൊമ്മാ (26-ാം തീയതിയിൽ)
അടുത്ത ശനിയാഴ്ച മാതാവിന്റെ പിറവിയുടെ
നൊവേന തുടങ്ങുന്നു.
1 കൊറി 1, 18-24 ദൈവത്തിന്റെ
വിജ്ഞാനമായ മിശിഹാ
മത്താ 12. 38-42 പ്രവാചകനക്കാൾ വലിയവൻ

25 തി വി. ലൂയീസ് രാജാവു് വെ
കൊല 3, 12-17 സ്നേഹം, ശാന്തി എന്നിവ
പ്രസരിപ്പിക്കുക
ലൂക്കാ 7, 1-10 അധികാരം വിശ്വസ്തമായി
വിനിയോഗിക്കുക

26 ചൊ ശ്ലീഹാ ബർത്തലൂമ്മാ (24-ാംനു) ചു
വെളി 21, 9-14 കുഞ്ഞാടിന്റെ ശ്ലീഹന്മാർ
യോഹ 1, 45-51 കാപട്യമില്ലാത്ത ഇസ്രായേൽക്കാരൻ

27 ബു വി. മോനിക്കാ വെ
റോമാ 8, 26-30 എല്ലാം നന്മയ്ക്കുപകരിക്കുന്നു
ലൂക്കാ 7, 11-17- പുത്രനെ തിരികെ ലഭിച്ചു.

28 വ്യാ അ. മ. ആഗുസ്തീനോസ് വെ
1 തിമോ 1, 12-17 ദൈവം പാപിയിൽ കനിഞ്ഞു
യോഹ 21, 15-19 ഞാൻ അങ്ങയെ സ്നേഹിക്കുന്നു

29 വെ വി. സ്നാപകയോഹ. ശിരശ്ഛേദനം ചു
2 കൊറി 4, 8-12 മരണത്തെ ആശ്ലേഷിക്കുക
മർക്കോ 6, 17-29 അധർമ്മത്തെ ചെറുത്ത രക്തസാക്ഷി

30 ശ ഇന്നു മാതാവിന്റെ പിറവിത്തിരുനാൾ ചു
നൊവേന തുടങ്ങുന്നു
1 കൊറി 13, 1-7 സ്നേഹമാണ് അടിസ്ഥാനം
മത്താ 19, 27-30 സർവ്വവും ത്യജിക്കുന്നവർക്കു നിത്യജീവൻ

31 ഞാ ✠ സ്ലീവാക്കാലം 2-ാം ഞായർ കറു
അടുത്തതു് ആദ്യവെള്ളി
1 കൊറി 1, 17-24 പ്രവാചകധർമ്മവും
കുരിശിന്റെ ദൗത്യവും
മത്താ 11, 7-19 നിഷ്കളങ്കനും പ്രവാചകനും
ഈശോയിലേക്കു ഉറുനോക്കുന്നു

സെപ്റ്റംബർ

സ്ലീവാക്കാലം

1	തി	1 പത്രോ 1. 8-12 പ്രവാചകന്മാർ കണ്ടതു്	വെ
		ലൂക്കാ 4, 16-22 ഇന്നിതു നിങ്ങളിൽ നിറവേറി	
2	ചൊ	2 കൊറി 1. 19-22 വാഗ്ദാനങ്ങളുടെ പൂർത്തീകരണമായ ഈശോ	വെ
		ലൂക്കാ 24, 44-49 വി. ഗ്രന്ഥം എന്നെപ്പറ്റി സാക്ഷ്യം വഹിക്കുന്നു	
3	ബു	മ. മ. ഗ്രിഗരി മാപ്പ്പ്പാ	വെ
		1 പത്രോ 5, 1-4 ദൈവത്തിന്റെ സഭയെ മേയ്ക്കുക	
		മത്താ 16, 13-19 ഈ പാറമേൽ എന്റെ പള്ളി പണിയും	
4	വ്യാ	എബ്രാ 4. 12-16 ശക്തിമുറ്റിയ ദൈവവചനം	വെ
		മത്താ 10, 24-28 എന്റെ പ്രബോധനം പരസ്യമാക്കുക	
5	വെ	ആദ്യവെള്ളി	വെ
		1 യോഹ 4, 7-16 ദൈവം ആദ്യം നമ്മെ സ്നേഹിച്ചു	
		യോഹ 17, 21-26 അങ്ങ് എന്നെ സ്നേഹിച്ചതുപോലെ	
6	ശ	1 കൊറി 1, 25-2, 5 ക്രൂശിതൻ നമ്മുടെ വിജ്ഞാനവും വിശുദ്ധിയും	വെ
		മത്താ 12, 38-42 ശ്ലേമോനെക്കാൾ വലിയവൻ	
7	ഞാ ✠	സ്ലീവാക്കാലം 3-ാം ഞായർ	വെ
		നാളെ മാതാവിന്റെ പിറവിത്തിരുനാൾ	
		2 കൊറി 3, 12-18 കുരിശിന്റെ മഹത്വം നമ്മിൽ പ്രതിബിംബിക്കണം	
		യോഹ 8, 12-18 ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു	
8	തി	മാതാവിന്റെ പിറവിത്തിരുനാൾ	വെ
		പാലക്കാട്ട രൂപതാദ്ധ്യക്ഷന്റെ വാഴ്ച (1974)	
		റോമ 8, 28-30 തിരഞ്ഞെടുത്തവരെ വിശുദ്ധീകരിക്കുന്നു	
		മത്താ 1, 17-23 ദാവീദിന്റെ പുത്രി	

9	ചൊ	2 കൊറി 6, 3-10 പ്രവാചകന്റെ സഹനവും വിശുദ്ധിയും മത്താ 7, 15-20 പ്രവാചകന്റെ വിശ്വസനീയത	വെ
10	ബു	റോമ 15, 1-9 വാശാനങ്ങളുടെ പൂർത്തീകരണമായ ഈശോ മത്താ 5, 17-20 പ്രവചനങ്ങൾ പൂർത്തിയാക്കുന്ന ഈശോ	വെ
11	വ്യാ	എബ്രാ 1, 1-9 ദൈവപുത്രന്റെ ശ്രേഷ്ഠത മത്താ 11, 7-15 മിശിഹായും പ്രവാചകന്മാരും	വെ
12	വെ	റോമാ 15, 16-20 ആത്മാവിന്റെ ശക്തി പ്രേഷിതനിൽ യോഹ 7, 37-40 മിശിഹായുടെ അരുപിയും നമ്മളും	വെ
13	ശ	അ. മ. ജോൺ ക്രിസോസ്റ്റോം 1 കൊറി 4, 1-5 കർത്താവുമാത്രം എന്നെ വിധിക്കുന്നു യോഹ 12, 20-26 ഫലംതരുന്ന കോതമ്പുമണി	വെ
14	ഞാ ✠	വി. കുരിശിന്റെ പുകഴ്ച. സ്ലീവാ 4 ഞായർ പീലി 2, 6-11 സ്വയം താഴ്ത്തിയ ഈശോ ഉയർത്തപ്പെട്ടു യോഹ 3, 13-17 മനുഷ്യപുത്രൻ ഉയർത്തപ്പെടണം	വെ
15	തി	പരി. വ്യാകുലമാതാവു് എബ്രാ 5, 5-9 ഈശോ സഹനത്തിന്റെ വിദ്യാലയത്തിൽ യോഹ 19, 25-27 മാതാവു് കുരിശിൻ ചുവട്ടിൽ	വെ
16	ചൊ	1 കൊറി 4, 9-13 ശ്ലീഹന്മാരുടെ സഹനം ലൂക്കാ 22, 28-34 എന്റെ സഹനത്തിൽ എന്നോടു കൂടി നിന്നവർ	വെ
17	ബു	അ. മ. റോബർട്ട് ബല്ലാമ്മിൻ 2 തിമോ 1, 13-2, 3 സുവിശേഷത്തിന്റെ സംരക്ഷകൻ മത്താ 28, 8-12 നിങ്ങളുടെ ഗുരു മിശിഹാമാത്രം	വെ
18	വ്യാ	2 തിമോ 3, 10-15 ക്രിസ്ത്യാനി ക്രിസ്തുവിനെപ്പോലെ മത്താ 10, 34-39 കുരിശെടുത്തു് എന്നെ അനുഗമിക്കുക	വെ

19	വെ	റോമ 8, 31-39 ക്രിസ്തുസ്നേഹം സഹനത്തിൽ ആലംബം മത്താ 11, 25-30 എന്റെ നുകം ലഘുവാണ്	വെ
20	ശ	2 തെസ 1, 3-8 സഹിക്കുന്നവരെ ശക്തിപ്പെടുത്തുന്നു ലൂക്കാ 9, 57-62 സമ്പൂർണ്ണമായ ക്രിസ്തുനുകരണം	വെ
21	ഞാ ✠	സ്ലീവാ 5-ാം ഞായർ ശ്ലീ. മത്തായി (നാളെ) കോതമംഗലം രൂപതാദ്ധ്യക്ഷന്റെ നാമഹേതുകദിനം ചൊവ്വാഴ്ച കാവൽമാലാഖായുടെ നൊവേന തുടങ്ങുന്നു നാളെ വി. കൊച്ചുത്രേസ്യായുടെ നൊവേന തുടങ്ങുന്നു 1 കൊറി 9, 24-29 വാടാത്ത കിരീടത്തിനായി യത്നിക്കുക മത്താ 6, 19-24 അനശ്വരനിക്ഷേപം സമ്പാദിക്കുക	വെ
22	തി	വി. മത്തായിശ്ലീഹാ (ഇന്നലെ) ഇന്നു വി. കൊച്ചുത്രേസ്യായുടെ നൊവേന തുടങ്ങുന്നു അപ്പ 4, 1-16 ശ്ലീഹന്മാരും സഭയുടെ വളർച്ചയും മത്താ 9, 9-13 പാപികളെ വിളിക്കാൻ ഞാൻ വന്നു	ചു
23	ചൊ	ഇന്നു കാവൽമാലാഖമാരുടെ നൊവേന തുടങ്ങുന്നു വെളി 5, 1-10 മുദ്രകൾ സംവഹിക്കുന്ന കുഞ്ഞാട് യോഹ 3, 13-17 കുരിശുവഴി നിത്യജീവൻ	വെ
24	ബു	വെളി 14, 1-5 കുഞ്ഞാട്ടം അനുയായികളും യോഹ 1, 35-39 കുഞ്ഞാടിനെ അനുഗമിച്ചവർ	വെ
25	വ്യാ	ഇന്നു വി. ഫ്രാൻസിസ് അസ്സീസിയുടെ നൊവേന തുടങ്ങുന്നു വെളി 19. 4-9 കുഞ്ഞാടിന്റെ വിവാഹാഘോഷം മത്താ 22, 6-14 രാജകുമാരന്റെ വിവാഹവിരുന്ന്	വെ
26	വെ	വെളി 12, 10-17 കുഞ്ഞാടിനുവേണ്ടി മരണം വരിച്ചവർ ലൂക്കാ 22, 24-30 നിങ്ങൾ എന്നോടുകൂടി ഭരണം നടത്തും	വെ

27 ശ വി. വിൻസെന്റ് ഡി പോൾ വെ
1 കൊറി 1, 26-31 ദൈവം എളിയവരെ
തിരഞ്ഞെടുത്തു
മത്താ 25, 34-40 പാവപ്പെട്ടവരിൽ ഈശോയ്ക്കു
സേവനമനുഷ്ഠിക്കുക

28 ഞാ ✠ സ്ലീവാ 6-ാം ഞായർ വെ
അടുത്തതു് ആദ്യവെള്ളി
കൊല 2, 9-15 കുരിശിൽ നമ്മുടെ രക്ഷയും വിജയവും
മത്താ 20, 17-23 എന്റെ കാസയിൽനിന്നു കുടിക്കും

29 തി വി. മിഖായേൽ, ഗബ്രിയേൽ, റപ്പായേൽ വെ
മുഖ്യദൂതന്മാർ
വെളി 12, 7-12a മിഖായേലും മറ്റു മാലാഖമാരും
യോഹ 1, 47-51 മാലാഖമാർ ഇറങ്ങിവരുന്നു.

30 ചൊ മ. ജറോം വെ
2 തിമോ 3, 14-17 വി. ഗ്രന്ഥം പഠിക്കുക, പഠിപ്പിക്കുക
മർക്കോ 4, 1-9 ദൈവവചനം വിതയ്ക്കുക

ഒക്ടോബർ

ജപമാലഭക്തിയുടെ മാസം

സ്ലീവാക്കാലം

1 ബു വി. കൊച്ചുത്രേസ്യാ വെ
1 യോഹ 2, 28-3, 3 നാം ദൈവത്തിന്റെ
മക്കളാകുന്നു
യോഹ 15, 7-17 ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ

2 വ്യാ കാവൽമാലാഖമാർ വെ
എബ്രാ 1, 6-14 ഈശോയും മാലാഖമാരും
മത്താ 18, 1-6, 10 മാലാഖമാർ പിതൃമുഖം ദർശിക്കുന്നു

3	വെ	ആദ്യവെള്ളി റോമ 3, 1-5 സഹനത്തിന്റെ പ്രയോജനം ലൂക്കാ 16, 10-18 രണ്ടു യജമാനന്മാർ അസാദ്ധ്യം	വെ
4	ശ	വി. ഫ്രാൻസിസ്സ് അസ്സീസി ഗാല 6, 14-18 മിശിഹായുടെ മുറിവുകൾ വഹിക്കുന്നു മത്താ 11, 25-30 ദിവ്യരഹസ്യങ്ങൾ എളിയവർക്ക്	വെ
5	ഞാ ✠	സ്ലീവാ 7-ാം ഞായർ ബസിലിക്കാ സന്ദർശിക്കുന്നവർക്കു പൂ. ദ. വി. റോമാ 8, 17-25 കുരിശുവഴി മഹത്വത്തിലേക്ക് മത്താ 24, 29-35 മനുഷ്യപുത്രന്റെ അടയാളം	വെ
6	തി	2 കൊറി 12, 7-10 സഹനത്തിൽ ശക്തിയും സ്ഥൈര്യവും യോഹ 3, 13-17 മനുഷ്യപുത്രൻ ഉയർത്തപ്പെടണം	വെ
7	ചൊ	പരി. ജപമാലരാജ്ഞി തറയിൽ മാർ തോമാ മെത്രാന്റെ വാഴ്ച (1945) 1 യോഹ 1, 1-4 ജീവവചനത്തെ ഞാൻ കണ്ടു, സ്പർശിച്ചു ലൂക്കാ 1, 26-38 ഇതാ കർത്താവിന്റെ ദാസി	വെ
8	ബു	2 തിമോ 2, 8-13 മിശിഹായോടുകൂടി മരിക്കുന്നവർ ജീവിക്കും യോഹ 12, 20-26 പിതാവിന്റെ ബഹുമാനത്തിനർഹർ	വെ
9	വ്യാ	കാവുകാട്ടു മാർ മാത്യു മെത്രാപ്പോലീത്തായുടെ ചരമം (1969) എബ്രാ 2, 10-18 ഈശോ നമ്മെ മഹത്വത്തിലേയ്ക്കു നയിക്കുന്നു യോഹ 12, 27-33 എല്ലാവരേയും എന്നിലേയ്ക്ക് ആകർഷിക്കും	വെ
10	വെ	മൗ. ഫ്രാൻസിസ്സ് ബോർജിയാ 1 പത്രോ 4, 12-16 കുരിശും മഹത്വപൂർണ്ണമായ സന്തോഷവും യോഹ 16, 19-23 നിങ്ങളുടെ സന്തോഷം പൂർത്തിയാകും	വെ

11 ശ
2 കൊറി 4, 16-5, 5 കുരിശും നിത്യമഹത്വവും വെ.
മത്താ 23, 8-12 സ്വയം താഴ്ത്തുന്നവർ ഉയർത്തപ്പെടും.

12 ഞാ ✠
പള്ളിക്കൂദാശ: 1-ാം ഞായർ വെ
അടുത്തതു് മിഷൻഞായർ, പ്രത്യേകപരിവു്
തെത്താ 2, 11-15 കർത്താവിന്റെ ആഗമനം
പ്രതീക്ഷിക്കുന്നവർ
ലൂക്കാ 12, 32-40 അരമുറുക്കി വിളക്കുകൊളുത്തി
പാർത്തിരിക്കുന്നവർ

13 തി
1 തെസ 5, 2-10 ജാഗ്രതയോടെ ജീവിക്കുക വെ
യോഹ 12, 31-36 പ്രകാശമുള്ളപ്പോൾ അതിൽ
നടക്കുവിൻ

14 ചൊ
2 പത്രോ 3, 8-15 നാം വിശുദ്ധരായി ജീവിക്കണം വെ
മത്താ 5, 3-12 സുവിശേഷമൂല്യങ്ങൾക്കനുസൃതമായ
ജീവിതം

15 ബു
ആവിലായിലെ ക. മ. ത്രേസ്യാ വെ
റോമാ 8, 26-39 പരി. ത്രിത്വം ആത്മാവിനെ
വിശുദ്ധീകരിക്കുന്നു
യോഹ 14, 15-23 ത്രിത്വം സ്നേഹവും ജ്ഞാനവും
പകരുന്നു

16 വ്യാ
ക. മഗ്ദലീന്നാ മറിയം അലക്കോക്കു് വെ
ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷന്റെ വാഴ്ച(1955)
തലശ്ശേരി രൂപതാദ്ധ്യക്ഷന്റെ തിരഞ്ഞെടുപ്പു് (1955)
അപ്പ 3, 14-19 ക്രിസ്തുസ്നേഹത്തിന്റെ ആഴം ഗ്രഹിക്കുക
യോഹ 15, 11-17 എന്റെ ഹൃദയരഹസ്യങ്ങൾ
അറിയിക്കും

17 വെ
അന്ത്യാഖ്യായിലെ അ. വേ. ഇഗ്നേഷ്യസു് ച
പീലി 3, 17-21 നമ്മുടെ വാസം സ്വർഗ്ഗത്തിൽ
യോഹ 12, 24-26 കോതമ്പുമണി ക്ഷയിക്കണം

18 ശ
വി. ലൂക്കാ സുവിശേഷകൻ വെ
2 തിമോ 3, 10-17 പൗലോസിന്റെ ഉത്തമശിഷ്യൻ
ലൂക്കാ 1, 1-4 ലൂക്ക യുടെ സുവിശേഷരചന

19 ഞാ ✠ പള്ളിക്കൂദാശ: 2-ാം ഞായർ വെ
ഇന്നു മിഷൻ ഞായർ. പ്രത്യേക പിരിവ്
അപ്പ 3, 2-12 സമസ്തജനങ്ങളിലും വാശ്ദാനം പൂർത്തിയാകണം
മക്കോ 16, 15-20 സുവിശേഷവൽക്കരണം

20 തി 1 പത്രോ 4, 7-11 അവസാനകാലത്തു സ്നേഹത്തിന്റെ നിറവ് വെ
മത്താ 24, 1-14 സ്നേഹം തണുത്തുപോകരുതു്

21 ചൊ 2 തിമോ 3, 1-5 അവസാനകാലത്തെ പ്രതിസന്ധികൾ വെ
മത്താ 10, 21-25 അന്ത്യദിനംവരെ സുവിശേഷപ്രസംഗം

22 ബു 1 യോഹ 3, 13-17 സ്നേഹം ഇന്നും എന്നും വെ
മത്താ 25, 31-46 വിധി സ്നേഹത്തിന്റെ വെളിച്ചത്തിൽ

23 വ്യാ 2 തിമോ 1, 15-18 സഹായത്തിനു നിത്യസമ്മാനം വെ
മത്താ 10, 40-42 പരസ്നേഹത്തിനു നിത്യസമ്മാനം

24 വെ 1 തിമോ 4, 11-14 സ്വരക്ഷയും പരരക്ഷയും ഉറപ്പിക്കുക വെ
യോഹ 6, 37-40 ഞാൻ അവരെ രക്ഷിക്കും

25 ശ ഗാല 5, 16-21 സ്നേഹത്തിന്റെ നിഷേധം വെ
ലൂക്കാ 7, 36-50 അധികം സ്നേഹിച്ചു, അധികം ക്ഷമിക്കപ്പെട്ടു

26 ഞാ ✠ പള്ളിക്കൂദാശ: 3-ാം ഞായർ വെ
യാക്കോ 5, 13-16 പ്രാർത്ഥനയും രോഗീലേപനവും
മത്താ 26, 36-44 പിതാവേ, അങ്ങേ ഇഷ്ടം നിറവേറട്ടെ

27 തി കാളാശ്ശേരി മാർ യാക്കോബുമെത്രാന്റെ ചരമം (1949) വെ
1 പത്രോ 1, 1-5 സ്വർഗ്ഗീയമായ അവകാശം
മത്താ 8, 5-13 കൂട്ടിയെ സുഖപ്പെടുത്തുന്നു

28 ചൊ ശ്ലീ. ശെമയോനും യൂദാതദേവൂസും ചു
അപ്പ 2, 19-22 സഭ ശ്ലീഹന്മാരുടെ അടിസ്ഥാനത്തിന്മേൽ
ലൂക്കാ 6, 12-16 പന്ത്രണ്ടുപേരുടെ തിരഞ്ഞെടുപ്പ്

29 ബു 2 കൊറി 1, 2-7 സഹനത്തിലും സമാശ്വാസം വെ
മത്താ 9, 1-8 ഈശോയും തളർവാതരോഗിയും

30 വ്യാ പീലി 1, 27-30 മിശിഹാസ്നേഹവേണ്ടി സഹിക്കുക വെ
യോഹ 11, 1-6 രോഗത്തിലും ദൈവമഹത്വം

31 വെ റോമ 14, 7-12 മരിക്കുന്നെങ്കിൽ കർത്താവിനുവേണ്ടി വെ
ലൂക്കാ 7, 11-17 വിധവയുടെ പുത്രൻ

നവംബർ

ശുദ്ധീകരാത്മാക്കളുടെ വണക്കമാസം

1 ശ സകല വിശുദ്ധർ വെ
ഇന്നുമുതൽ 8 ദിവസം സിമിത്തേരി സന്ദർശിച്ചു പ്രാർത്ഥിക്കുന്നവർക്ക് ശുദ്ധീകരാത്മാക്കൾക്കുവേണ്ടി കാഴ്ചവെയ്ക്കുന്ന പൂ. ദ. വി.
1 യോഹ 3, 1-13 നമ്മുടെ ഭാവി ഇനിയും വെളിപ്പെട്ടിട്ടില്ല.
മത്താ 5, 1-12 വിശുദ്ധരുടെ സ്വർഗ്ഗീയ സൗഭാഗ്യം

2 ഞാ ✠ പള്ളിക്കൂദാശ 4-ാം ഞായർ വെ
മരിച്ചവരുടെ ഓർമ്മ (നാളെ ആചരിക്കുന്നു)
അടുത്തത് ആദ്യവെള്ളി
2 തിമാ 4, 6-9 ആസന്നമായ ജീവിതാന്ത്യം
യോഹ 14, 1-6 പിതൃഭവനത്തിലെ സജ്ജീകരണം

3 തി — സകല മരിച്ചവരുടെയും ഓർമ്മ (ഇന്നലെ) — ക
ഇന്നു ഏതെങ്കിലും ദേവാലയം സന്ദർശിച്ചു 1 സപ്ത.
1 വിശ്വാസപ്രമാണം ചൊല്ലുന്നവർക്കു
ശുദ്ധീകരാത്മാക്കൾക്കായി പൂ. ദ. വി.
1 കൊറി 15, 51-57 മരണമേ, നിന്റെ ജയമെവിടെ?
യോഹ 6, 24-29 മരിച്ചവർ ഉയിർത്തെഴുന്നേല്ക്കും

4 ചൊ — അ. ചാൾസ് ബൊറോമിയോ — വെ
കൊല 1, 24-29 ദൈവജനത്തിന്റെ ശുശ്രൂഷി
യോഹ 10, 11-16 നല്ല ഇടയനായ ഈശോ

5 ബു — വി. മാർട്ടിൻ ഡി പോറസ് (3-ാംനൂ) — വെ
1 കൊറി 1, 25-31 എളിയവരെ ദൈവം തിരഞ്ഞെടുത്തു
ലൂക്കാ 9, 57-62 അങ്ങയെ ഞാൻ അനുഗമിക്കും

6 വ്യാ — ആലപ്പാട്ടു മാർ ജോർജ്ജ് മെത്രാന്റെ ചരമം (1970) — വെ
2 തിമോ 4, 6-9 കർത്താവു നല്കുന്ന നിത്യസമ്മാനം
യോഹ 5, 19-23 ജീവദാതാവായ മിശിഹാ

7 വെ — ആദ്യവെള്ളി — വെ
അപ്പ 1, 2-10 ലോകം മിശിഹായിൽ സമാഹരിക്കപ്പെടണം
യോഹ 15, 1-8 നിങ്ങൾ എന്നിൽ വസിക്കുവിൻ

8 ശ — 1 യോഹ 3, 13-17 സാഹോദര്യവും ഭാവി മഹത്വവും — വെ
യോഹ 5, 24-30 മരണത്തിൽനിന്നു ജീവനിലേക്കു

9 ഞാ ✠ — പള്ളിക്കൂദാശ 5-ാം ഞായർ — വെ
അടുത്ത പെള്ളി ക്രിസ്തുരാജത്തിരു. നൊവേന തുടങ്ങും
പാലാ രൂപതാദ്ധ്യക്ഷന്റെ വാഴ്ച (1950)
1 തെസ്സ 4, 13-17 നാം കർത്താവിനോടുകൂടി ജീവിക്കും
മത്താ 25, 14-30 കർത്താവിന്റെ ആനന്ദത്തിൽ

10 തി — മ. ലിയോ മാപ്പാപ്പാ — വെ
1 പത്രോ 5, 1-11 അജഗണത്തിനു സേവനമനുഷ്ഠിക്കുക
മത്താ 16, 13-19 അങ്ങു ദൈവപുത്രനാകുന്നു

11 ചൊ — വെ
എബ്രാ 12, 22-28 സ്വർഗ്ഗത്തിൽ മാലാഖമാരോടുകൂടി
മത്താ 22, 23-33 ഉയിർപ്പിൽ മാലാഖമാരെപ്പോലെ

12 ബു — ചു
അ. വേ. ജോസഫാത്തു്
എബ്രാ 5, 1-6 ക്രിസ്തു സദൃശനായ പുരോഹിതൻ
യോഹ 10, 11-16 ജീവനർപ്പിക്കുന്ന നല്ല ഇടയൻ

13 വ്യാ — വെ
1 തെസ്സ 1, 2-10 ഈശോയുടെ ആഗമനം പ്രതീക്ഷിക്കുക
മർക്കോ 13, 28-37 ജാഗ്രതാപൂർവ്വം പ്രവർത്തിക്കുക

14 വെ — വെ
ഇന്നു ക്രിസ്തുരാജത്തിരു. നൊവേന തുടങ്ങുന്നു
1 കൊറി 1, 3-9 സഭ ഈശോയുടെ ആഗമനം പാർത്തിരിക്കുന്നു
മത്താ 25, 1-13 പത്തു കന്യകകളുടെ ഉപമ

15 ശ — വെ
അ. മ. ആൽബർട്ടു്
എറണാകുളം സഹായമെത്രാന്റെ തിരഞ്ഞെടുപ്പു് (1969)
ഫിലി 4, 6-9 സത്യത്തിനും സൗന്ദര്യത്തിനുംവേണ്ടി
മത്താ 5, 13-19 നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു

16 ഞാ ✠ — വെ
പള്ളിക്കുദാശ 6-ാം ഞായർ
സീറോ മലബാർ ഹയരാർക്കി സ്ഥാപനബൂള പരസ്യം (1924)
അടുത്ത ഞായർ ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ
1 യോഹ 2, 28-3, 3 ഭാവിമഹത്വം സ്പഷ്ടതരമായി കാണും
യോഹ 17, 20-26 അവർ നമ്മിൽ ഒന്നാകണം

17 തി — വെ
ഫങ്കറിയിലെ വി. എലിസബത്തു്
1 തിമോ 5, 3-10 വിശുദ്ധയായ സ്ത്രീരത്നം
മത്താ 25, 31-40 യഥാർത്ഥമായ ക്രിസ്തീയസ്നേഹം

18 ചൊ — വെ
കോതമംഗലം മെത്രാന്റെ വാഴ്ച (1956)
2 പത്രോ 1, 2-11 സ്വർഗ്ഗരാജ്യപ്രവേശനം
മത്താ 7, 13-20 ജീവനിലേക്കുള്ള രാജവീഥി

19 ബു വി. ജർത്രൂദ് ക. (16-ാംനൂ-) വെ
അപ്പ 3, 14-19 ക്രിസ്തു സ്നേഹത്തിന്റെ അപാരത
യോഹ 14, 14-21 എന്നെത്തന്നെ വെളിപ്പെടുത്തും

20 വ്യാ വെളി 14, 1-5 കുഞ്ഞാടിനോടുകൂടി വസിക്കുന്നവർ വെ
മത്താ 7, 21-27 ദൈവഹിതവും
ദൈവരാജ്യപ്രവേശനവും

21 വെ പരി. കന്യകയുടെ സമർപ്പണം വെ
റോമ 12, 1-5 വിശുദ്ധമായ ആത്മപ്രതിഷ്ഠ
ലൂക്കാ 1, 26-38 സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ

22 ശ ക. വേ. സിസിലിയാ ചു
റോമാ 8, 31-39 മരണത്തെ അതിശയിക്കുന്ന സ്നേഹം
മത്താ 25, 1-13 വിളക്കിൽ എണ്ണയെടുത്ത കന്യകമാർ

23 ഞാ ✠ പള്ളിക്കൂദാശ 7-ാം ഞായർ വെ
ക്രിസ്തുരാജത്തിരുനാൾ
ഇന്നു രാത്രി കുടുംബങ്ങളിലും സ്ഥാപനങ്ങളിലും
ഈശോയുടെ തിരുഹൃദയത്തിനുള്ള പ്രതിഷ്ഠാജപം
ചൊല്ലുന്നു പൂ. ദ. വി.
അടുത്ത ശനി അമലോത്ഭവമാതാവിന്റെ
നൊവേന ആരംഭിക്കുന്നു
1 കൊറി 15, 20-28 ഈശോ പിതാവിനു
രാജ്യം സമർപ്പിക്കുന്നു
ലൂക്കാ 23, 35-43 അങ്ങേ രാജ്യത്തിൽ ഓർക്കണമേ

24 തി പാ വേ. ക്ലെമൻറു് മാർപ്പാപ്പാ ചു
1 പത്രോ 5, 1-4 ഇടയന്മാർക്കുള്ള ഉപദേശം
മത്താ 16, 13-19 നിനക്കുവേണ്ടി ഞാൻ പ്രാർത്ഥിച്ചു

25 ചൊ വെളി 21, 5-8 ഞാൻ എല്ലാം നവീകരിക്കുന്നു വെ
മത്താ 24, 32-35 കാലവും അടയാളങ്ങളും

26 ബു വെളി 19, 11-16 രാജാക്കന്മാരുടെ രാജാവായ വെ
ഈശോ
മത്താ 24, 36-44 വിധിയും ജാഗ്രതയും

27 വ്യാ വി. യാക്കോബ്‌ മപ്പന്നാ ചു
1 പത്രോ 4, 12-19 മിശിഹായുടെ സഹനത്തിൽ പങ്കു്
മത്താ 10, 28-33 ശരീരത്തെ പീഡിപ്പിക്കുന്നവരെ
ഭയപ്പെടേണ്ട

28 വെ വെളി 22, 12-21 കർത്താവായ ഈശോ, വരണമേ വെ
മത്താ 22, 1-14 രാജാവു നൽകുന്ന വിവാഹവിരുന്നു്

29 ശ വി. അന്ത്രയോസു് ശ്ലീഹാ വെ
ഇന്നു അമലോത്ഭവമാതാ. നൊവേന ആരംഭിക്കുന്നു
1 യോഹ 1, 1-4 ഞങ്ങൾ മിശിഹായെ കണ്ടിട്ടുണ്ടു്
യോഹ 12, 20-26 അപ്പം വർദ്ധിപ്പിച്ചതിൽ
അന്ത്രയോസിനുള്ള പങ്കു്

30 ഞാ ✠ ആഗമനം 1–ാം ഞായർ വെ
അടുത്തതു് ആദ്യവെള്ളി
ഇന്നു എറണാകുളം അതിരൂപതാദ്ധ്യക്ഷന്റെ
വാഴ്ച (1953)
ഇന്നുമുതൽ പിറവിവരെ വിവാഹാഘോഷം മുടക്കു്
ഗാല 4, 4-7 ദൈവം പുത്രനെ അയച്ചു
യോഹ 1, 1-5, 10-14 ദൈവവചനത്തിന്റെ
മനുഷ്യാവതാരം

ഡിസംബർ

ആഗമനം—പിറവി

1 തി 2 കൊറി 8, 7-9 നമ്മെ സമ്പന്നരാക്കാൻ വന്ന വെ
മിശിഹാ
യോഹ 6, 37-40 പിതാവിന്റെ ഇഷ്ടം നിവ്വഹി
ക്കാൻ ഞാൻ വന്നു

2 ചൊ വെളി 22, 12-17 ഞാൻ ദാവീദിന്റെ സന്താനമാണു് വെ
യോഹ 7, 37-44 മിശിഹാ ദാവീദിന്റെ പുത്രൻ

3 ബു വി. ഫ്രാൻസിസ് സേവ്യർ മ. വെ
1 കൊറി 9, 16-19 ഏവരേയും രക്ഷിക്കാൻ എല്ലാമായി
മക്കോ 16, 15-20 ലോകമെങ്ങും സുവിശേഷം പ്രസംഗിക്കുക

4 വ്യാ വി. ജോൺ ഡമഷേൻ മ. വെ
1 തിമോ 1, 12-16 എനിക്കായി ഈശോ ലോകത്തിൽ വന്നു
യോഹ 1, 6-9, 15-18 പ്രകാശത്തിനു നാം സാക്ഷ്യം വഹിക്കണം

5 വെ ആദ്യവെള്ളി വെ
1 യോഹ 4, 7-13 മനുഷ്യാവതാരലക്ഷ്യം: നാം ജീവൻ പ്രാപിക്കുക
യോഹ 3, 16-21 ഏകപുത്രനെ നല്കിയ പിതാവ്

6 ശ എബ്രാ 2, 11-18 അബ്രാഹത്തിന്റെ പുത്രനായ ഈശോ വെ
യോഹ 8, 52-58 അബ്രാഹം എന്നെ കാണാൻ ആഗ്രഹിച്ചു

7 ഞാ ✠ ആഗമനം 2-ാം ഞായർ വെ
നാളെ മാതാവിന്റെ അമലോത്ഭവത്തിരുനാൾ
എബ്രാ 10, 1-10 പുത്രനു ദൈവം ശരീരം സജ്ജമാക്കി
ലൂക്കാ 1, 26-38 അങ്ങേ ഇഷ്ടം എന്നിൽ നിറവേറ്റട്ടെ

8 തി മാതാവിന്റെ അമലോത്ഭവം വെ
അപ്പ 1, 2-12 ലോകസൃഷ്ടിക്കു മുമ്പേ തിരഞ്ഞെടുക്കപ്പെട്ട
ലൂക്കാ 1, 46-56 ഞാനെൻനാഥനെ വാഴ്ത്തുന്നു

9 ചൊ വി. അംബ്രോസ് അ. മ. (7-ാംനൂ) വെ
പഴേപറമ്പിൽ മാർ ളയീസുമെത്രാന്റെ ചരമം (1919)
കോട്ടയം മെത്രാന്റെ തിരഞ്ഞെടുപ്പ് (1967)
1 കൊറി 4, 1-5 ദിവ്യരഹസ്യങ്ങൾ കൈകാര്യം ചെയ്യുന്നവൻ
മത്താ 5, 13-16 നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു

10	ബു	റോമ 16, 24-27 നിത്യതപംമുതലുള്ള ദിവ്യരഹസ്യം മത്താ 5, 17-20 ഞാൻ വന്നതു നിയമം പൂർത്തിയാക്കാൻ	വെ
11	വ്യാ	റോമ 11, 1-6 ഇസ്രായേലിന്റെ വിശ്വസ്ത പ്രതിനിധികൾ ലൂക്കാ 12, 49-53 ഞാൻ വന്നതു ലോകത്തിൽ തീ കൊളുത്താൻ	വെ
12	വെ	വി. ഫ്രൻസിസ്സ്കാ ഷന്താൾ 1 പത്രോ 3, 1-6 വിശുദ്ധയുടെ ഗുണവിശേഷങ്ങൾ ലൂക്കാ 14, 25-35 ഈശോയ്ക്കുവേണ്ടി കുടുംബം ഉപേക്ഷിച്ചവർ	വെ
13	ശ	ക. വേ. ലൂസി 1 കൊറി 7, 25-35 കന്യക മിശിഹായ്ക്കു പ്രതിഷ്ഠിത മത്താ 25, 1-13 വിളക്കിൽ എണ്ണയെടുത്ത കന്യക	ചു
14	ഞാ ✠	ആഗമനം 3-ാം ഞായർ കുരിശിന്റെ വി. യോഹന്നാൻ (നാളെ ആഘോഷിക്കുന്നു) അടുത്ത ചൊവ്വാഴ്ച പിറവി നൊവേന തുടങ്ങുന്നു ഫീലി 2, 1-11 സാഹോദര്യവും സേവനമനോഭാവവും ലൂക്കാ 1, 39-56 മിശിഹായെ വഹിച്ചുകൊണ്ടു സേവനമനുഷ്ഠിക്കുക	വെ
15	തി	കുരിശിന്റെ വി. യോഹന്നാൻ മ. (ഇന്നലെ) 1 കൊറി 2, 1-10a ഉന്നതമായ ദൈവികജ്ഞാനം യോഹ 15, 15-21 ക്രിസ്തുവിന്റെ സ്നേഹിതർ സഹിക്കണം	വെ
16	ചൊ	ഇന്നു പിറവിയുടെ നൊവേന തുടങ്ങുന്നു റോമ 4, 13-22 അബ്രാഹം ജനതകളുടെ പിതാവു് ലൂക്കാ 1, 5-25 സക്കറിയാസിന്റെ ദർശനം	വെ
17	ബു	റോമ 10, 1-10 മിശിഹാ നിയമത്തിന്റെ പൂർത്തീകരണം ലൂക്കാ 1, 57-66 യോഹന്നാന്റെ ജനനം	വെ
18	വ്യാ	മൈലാപ്പൂർ കുരിശു് ഫീലി 2, 1-8 ദൈവപുത്രൻ സ്വയം താഴ്ത്തുന്നു മത്താ 20, 20-28 പാപപ്പരിഹാരമായി ഞാൻ വന്നിരിക്കുന്നു	ചു

19 വെ മേനാച്ചേരി മാർ യോഹന്നാൻ മെത്രാന്റെ ചരമം (1919) വെ
1 കൊറി 1, 25-31 ദൈവം എളിയവരെ തിരഞ്ഞെടുക്കുന്നു
ലൂക്കാ 1, 67-80 സക്കറിയാസിന്റെ പ്രവചനം

20 ശ 1 പത്രോ 1, 8-12 പ്രവാചകന്മാർ അറിയിച്ച രക്ഷ വെ
ലൂക്കാ 10, 21-24 പ്രവാചകന്മാർ പ്രതീക്ഷിച്ച സൗഭാഗ്യം

21 ഞാ ✠ ആഗമനം 4-ാം ഞായർ വെ
അടുത്ത വ്യാഴം പിറവിത്തിരുനാൾ
അടുത്ത ഞായർ ശിശുദിനം
ഇന്നു സീറോമലബാർ ഹയരാക്കി സ്ഥാപനം (1923)
റോമാ 15, 8-13 വാഗ്ദാനങ്ങളുടെ പൂർത്തീകരണം
മത്താ 1, 18-25 മനുഷ്യാവതാരരഹസ്യം യൗസേപ്പുറിയുന്നു

22 തി വി. പീറ്റർ കനീസിയൂസ് മ. (ഇന്നലെ) വെ
1 കൊറി 2, 1-10 ദൈവത്തിനു മാത്രമറിയാമായിരുന്ന രഹസ്യം
മത്താ 23, 8-12 മിശിഹാമാത്രം നിങ്ങളുടെ ഗുരു

23 ചൊ 1 യോഹ 2, 20-25 ദൈവപുത്രനെ അംഗീകരിക്കുവിൻ വെ
യോഹ 7, 25-31 വരാനിരിക്കുന്ന മിശിഹാ

24 ബു നട 13, 16-25 ദാവീദിന്റെ പുത്രനായ രക്ഷകൻ വെ
ലൂക്കാ 2, 1-5 ബേത്സുഹമിലേക്കുള്ള യാത്ര

25 ✠ വ്യാ നമ്മുടെ കർത്താവിന്റെ പിറവിത്തിരുനാൾ വെ
ഇന്നു ഓരോ വൈദികനും മൂന്നു കുർബാനവീതം ചൊല്ലാവുന്നതാണ്. പാതിരാക്കുർബാന, മറ്റുള്ളവ ഉഷഃകാലം തുടങ്ങിയാണു ചൊല്ലേണ്ടതു്.
a) ഗാലാ 3, 24-4, 7 നമ്മൾ ദൈവപുത്രരാകുവാൻ
ലൂക്കാ 2, 1-14 ദൈവപുത്രൻ മനുഷ്യനായി ജനിച്ചു
b) തെത്തോ 2, 11-14 രക്ഷകന്റെ മഹത്വം കാണാറായി
ലൂക്കാ 2, 15-20 നമുക്കു പോയി കാണാം
c) ഏബ്രാ 1, 1-6 പിതാവു് പുത്രനിലൂടെ സംസാരിച്ചു
യോഹ 1, 1-5 9-14 വചനം മാംസമായി നമ്മിൽ വസിച്ചു

26	വെ	ദൈവമാതൃസ്മരണ ഗാലാ 4, 19—5, 1 മിശിഹാ നിങ്ങളിൽ രൂപം കൊള്ളണം ലൂക്കാ 11, 27-31 ഭാഗ്യവതിയായ ദൈവമാതാവു് വേ. എസ്തപ്പാനോസു് പ്രഥമ രക്തസാക്ഷി നട 6, 1-10 പരി. ആത്മാവു നിറഞ്ഞവൻ മത്താ 10, 17-22 പരി. ആത്മാവു് നിങ്ങളിൽ സംസാരിക്കും	വെ
27	ശ	ശ്ലീ. യോഹന്നാൻ 1 യോഹ 1, 1-4 ഞങ്ങൾ അവിട്ടത്തെ കണ്ടിട്ടുണ്ടു് യോഹ 1, 10-14 ദൈവപുത്രന്റെ മഹത്വം ദർശിച്ചിട്ടുണ്ടു്	വെ
28	ഞാ ✠	പിറവി 1-ാം ഞായർ (തിരുക്കുട്ടുംബം) വി. ശിശുക്കൾ നാളെ ശിശുദിനമായി ആചരിക്കുന്നു—ഏഴു വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങളെ ദേവാലയത്തിൽ വരുത്തി ആശീർവ്വദിക്കുന്നു. (പുതിയ ക്രമം കാണുക) അടുത്തതു് ആദ്യവെള്ളി അപ്പ 3, 1-12 മനുഷ്യവംശം മുഴുവനേറയും രക്ഷകൻ മത്താ 2 1-15 ഈശോ വിജാതീയർക്കു സ്വയം വെളിപ്പെടുത്തുന്നു	വെ
29	തി	വി. ശിശുക്കൾ (ഇന്നലെ) : ശിശുദിനം 1 പത്രോ 1, 5-13 ത്യാഗത്തിലൂടെ സ്നേഹത്തിന്റെ നിറവിലേയ്ക്കു് മത്താ 2, 16-18 ഹെറോദേസു് ശിശുക്കളെ വധിക്കുന്നു	ചു
30	ചൊ	ഗാല 3, 13-14 വിജാതിയരും മിശിഹായുടെ പക്കൽ മത്താ 2, 1-12 ജ്യോതിശാസ്ത്രജ്ഞന്മാരുടെ ആരാധന	വെ
31	ബു	വർഷാന്ത്യപ്രാർത്ഥനകൾ, ലാക്ക് ആലാഹാ സ്തോത്രത്തിൽ പങ്കെടുക്കുന്നവർക്കു് പൂ. ദ. വി. ഇന്നു തലശ്ശേരി രൂപതാദ്ധ്യക്ഷന്റെ തിരഞ്ഞെടുപ്പു് (1953) 1 കൊറി 1, 3-9 കൃതജ്ഞതയും പ്രത്യാശയും യോഹ 17, 4-8 ഇഹത്തിൽ ഞാൻ അങ്ങയെ മഹത്വപ്പെടുത്തി	വെ

1976 ജനുവരി

1	വ്യാ	നാ. കർത്താ. നാമകരണം നവവത്സരാരംഭം — താലാക്കു റൂഹാ പരസ്യമായി ചൊല്ലിയാൽ പൂ. ദ. വി. 1 യോഹ 5, 6-12 പുത്രൻ നല്കുന്ന ജീവൻ ലൂക്കാ 2, 15-21 ഈശോയുടെ നാമകരണം	വെ
2	വെ	അ. മ. ബേസിലും ഗ്രിഗരിയും ആദ്യവെള്ളി 1 യോഹ 1, 5-10 പ്രകാശത്തിൽ വ്യാപരിക്കുക യോഹ 12, 44-50 ലോകത്തിന്റെ പ്രകാശമായ മിശിഹാ	വെ
3	ശ	1 യോഹ 4, 7-12 പിതാവിന്റെ സ്നേഹം യോഹ 17, 20-26 നമ്മിൽ അവരൊന്നാകണം	വെ
4	ഞാ ✠	പിറവി 2-ാം ഞായർ അപ്പ 1, 2-10 മിശിഹാവഴി നാം ദൈവമക്കൾ യോഹ 1, 1-18 വചനം മാംസമായി നമ്മിൽ വസിച്ചു	വെ
5	തി	1 യോഹ 3, 1-8 പാപത്തെ നശിപ്പിക്കുന്ന ഈശോ യോഹ 6, 35-40 നിത്യജീവൻ പുത്രൻവഴി	വെ
6	ചൊ	ദനഹാത്തിരുനാൾ (നാ. കർത്താ. ആവിഷ്കാരം) എറണാകുളം സഹായമെത്രാന്റെ വാഴ്ച. (1970) നട 10, 34-38 പരിശുദ്ധാത്മാവിയാൽ അഭിഷിക്തൻ ലൂക്കാ 3, 15-22 മിശിഹായുടെ മാമ്മോദീസാ	വെ
7	ബു	1 യോഹ 1, 1-4 ഞങ്ങൾ മിശിഹായെ കണ്ടു യോഹ 1, 19-28 മിശിഹാ നിങ്ങളുടെ മധ്യേ	വെ
8	വ്യാ	തലശ്ശേരി രൂപതാദ്ധ്യക്ഷന്റെ വാഴ്ച (1956) ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ മെത്രാന്റെ ചരമം (1951) 1 യോഹ 1, 5-10 മിശിഹായുടെ പ്രകാശത്തിൽ വ്യാപരിക്കുക യോഹ 1, 29-34 ഇതാ ദൈവത്തിന്റെ കുഞ്ഞാട്	വെ

9	വെ	1 യോഹ 2, 1-5 മിശിഹായുടെ ശിഷ്യന്മാർ കല്പന പാലിക്കണം യോഹ 1, 35-42 ഞങ്ങൾ മിശിഹായെ കണ്ടു.	വെ
10	ശ	കണ്ടത്തിൽ മാർ ആഫ്രേംസ്ലീനോസ് മെത്രാപ്പോലീത്തായുടെ ചരമം (1956) 1 യോഹ 2, 6-11 മിശിഹായെ അനുകരിക്കണം യോഹ 1, 43-51 വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ	വെ
11	ഞാ ✠	ആവിഷ്കാരം 1-ാം ഞായർ (ദനഹാക്കാലം) ഇന്നു വി, സെബസ്ത്യാ. നൊവേന തുടങ്ങുന്നു അടുത്ത ഞായർ സഭൈക്യവാര പ്രാർത്ഥന തുടങ്ങുന്നു 1 യോഹ 4, 7-16 മിശിഹായുടെ മാതൃക യോഹ 2, 1-12 ആദ്യത്തെ അത്ഭുതം	വെ
12	തി	1 യോഹ 2, 12-17 ദുരാശകളെ അമർത്തണം യോഹ 3, 25-36 മിശിഹാവതരണം	വെ
13	ചൊ	അ. മ. ഹിലാറിയോൻ 1 യോഹ 2, 18-25 പുത്രനോടൊപ്പം പിതാവിനെയും അംഗീകരിക്കുന്നു ലൂക്കാ 12, 8-12 പുത്രനെ ലോകസമക്ഷം പ്രഖ്യാപിക്കുക	വെ
14	ബു	കൊലോ 1, 3-8 സുവിശേഷജീവിതവൈശിഷ്ട്യം മത്താ 4, 23-25 ഈശോയുടെ സുവി. പ്രസംഗം	വെ
15	വ്യാ	1 തെസ്സ 4, 2-8 നിങ്ങളുടെ വിശുദ്ധി ഇതാണു ദൈവഹിതം മത്താ 8, 1-4 കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നു	വെ

സ്മരണീയമായ ചില തീയതികൾ

A. D. 52 നവംബർ 21—നമ്മുടെ കർത്താവിന്റെ 12 ശ്ലീഹന്മാരിൽ ഒരാളായ മാർ തോമ്മാശ്ലീഹാ കേരളത്തിൽ വന്നു് ഏറ്റവും ഉൽകൃഷ്ടവംശജരായ നമ്പൂതിരി മുതലായ ഹിന്ദുക്കളെ മാനസാന്തരപ്പെടുത്തുകയും മെത്രാൻ ഉൾപ്പെടെയുള്ള വൈദികഗണത്തെ ഏർപ്പെടുത്തുകയും ചെയ്തു. കേരളത്തിൽ ശ്ലീഹാ സ്ഥാപിച്ച പ്രധാന പള്ളികൾ:- കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർകോട്ടയ്ക്കാവു്, കോക്കമംഗലം, ചായൽ, നിരണം, കൊല്ലം.

72 ജൂലൈ 3—തോമ്മാശ്ലീഹാ മൈലാപ്പൂരിൽ ചിന്നമലയിൽ വച്ചു പൂജാരിയാൽ ശൂലംകൊണ്ടു കുത്തപ്പെട്ടു് രക്തസാക്ഷിമുടി പ്രാപിച്ചു. മൈലാപ്പൂരിൽത്തന്നെ അടക്കപ്പെട്ടു. മരണത്തിന്റെ ഈ ഓർമ്മദിവസത്തെ "ദുക്റാനാ" എന്നു പറയുന്നു.

190-ൽ അലക്സാണ്ട്റിയായിൽനിന്നു വി. പന്തേനോസു് ക്രിസ്ത്യാനികളെ സഹായിക്കാൻ കേരളത്തിൽ വന്നു.

325—നിക്യായിലെ പൊതുസൂനഹദോസിൽ ഇന്ത്യയുടെ മെത്രാപ്പോലീത്തായായ മാർ യോഹന്നാൻ സംബന്ധിച്ചു.

345—കനായിത്തോമ്മാ കൊടുങ്ങല്ലൂരു് വന്നു. ഈ ആണ്ടിനു മലയാളത്തിലെ അക്ഷരക്കണക്കിൽ ശോ വാ ല (3-4-5) എന്നാണു പറയുന്നതു്.

1565 ഫെബ്രുവരി 23—അങ്കമാലി അതിരൂപതാ സ്ഥാപനം.

1597—അവസാനത്തെ വിദേശ സുറിയാനി മെത്രാപ്പോലീത്തായായ മാർ അബ്രാഹമിന്റെ ചരമം. അങ്കമാലിയിൽ വി. ഉറുമീസിന്റെ പള്ളിയിൽ അടക്കപ്പെട്ടു.

1599 ജൂൺ 20-26—ഉദയംപേരൂർ സൂനഹദോസു്. 9 യോഗങ്ങൾ; അതിൽ 150 വൈദികർ സംബന്ധിച്ചു.

1601—Francis Roz, S. J. സുറിയാനിക്കാരുടെ ആദ്യത്തെ ലത്തീൻ മെത്രാൻ.

1609 ഡിസംബർ 3—കൊടുങ്ങല്ലൂർ അതിരൂപതാ സ്ഥാപനം.

1610 ഡിസംബർ 22—ഗോവാ മെത്രാപ്പോലീത്താ സുറിയാനി മേലദ്ധ്യക്ഷന്മാർക്കു് ഇന്ത്യ മുഴുവനിലുമുണ്ടായിരുന്ന അധികാരം മലബാറിന്റെ വടക്കുഭാഗം മുതൽ തെക്കോട്ടായി അതിർത്തി നിശ്ചയിച്ചു ചുരുക്കി.

1653 ജനുവരി 3 — ഗാർസിയ S. J. മെത്രാപ്പോലീത്തായുടെ കാലത്തു് മട്ടാഞ്ചേരിയിൽ വെച്ചു പോർട്ടുഗീസുഭരണത്തിനെതിരായി "കൂനൻ കുരിശുസത്യം" — സുറിയാനിക്കാരിൽ വലിയ ഭൂരിപക്ഷം ഇതിൽ സംബന്ധിച്ചു.

1653 മേയ് 22—ആലങ്ങാട്ടു വച്ചു 12 പട്ടക്കാർ ഒരു വൈദികന്റെ മേൽ കൈവച്ചു "മെത്രാൻ സ്ഥാനം" കൊടുത്തു ശീശ്മയ്ക്കാരംഭമിട്ടു.

1659 ഡിസംബർ 24—ഡിസംബർ 15-ൽ അഭിഷേകം ചെയ്യപ്പെട്ട ഇറാലിയൻ കർമ്മലീത്തനായ സെബസ്ത്യാനി മെത്രാൻ മലബാറിൽ മെത്രാനെ വാഴിച്ചു് അദ്ദേഹത്തെ വികാരി അപ്പസ്തോലിക്കയായി നിയമിക്കുന്നതിനുള്ള അധികാരത്തോടുകൂടി കമ്മിസറി അപ്പസ്തോലിക്കും അഡ്മിനിസ്ട്രേറ്ററും ആയി VII-ാം അലക്സാണ്ടർ മാർപ്പാപ്പായാൽ Procommissa Nobis എന്ന തിരുവെഴുത്തുപ്രകാരം നിയമിക്കപ്പെട്ടു.

1663 ജനുവരി 31—മേല്പറഞ്ഞ തിരുവെഴുത്തു് അനുസരിച്ചു് സെബസ്ത്യാനി മെത്രാനാൽ മെഗരോയുടെ മെത്രാനും മലബാറിന്റെ പ്രഥമ വികാരി അപ്പസ്തോലിക്കയുമായി പള്ളിവീട്ടിൽ ചാണ്ടി (Alexander de Campo) മെത്രാൻ അഭിഷേകം ചെയ്യപ്പെട്ടു. മുമ്പു പോർട്ടുഗീസു് ഭരണത്തിനെതിരായി നിന്നവരിൽ ഭൂരിഭാഗവും ഇദ്ദേഹത്തിന്റെ ഭരണത്തിനു് അധീനരായി വന്നു.

1665 മുതൽ 1670 വരെ മലബാറിൽ വന്നു താമസിച്ചു യാക്കോബായ മെത്രാൻ മാർ ഗ്രിഗോറിയോസു് യാക്കോബായസഭയും അതനുസരിച്ചുള്ള പല പുതിയ നടപടികളും നടപ്പാക്കിയതിനാൽ അവർ ആദ്യം "പുത്തൻകൂറു"കാരെന്നും കുറെക്കാലങ്ങൾ കഴിഞ്ഞു യാക്കോബായക്കാർ എന്നുകൂടിയും വിളിക്കപ്പെട്ടു. മറു സുറിയാനിക്കാരെ പഴയകൂറുകാരെന്നും പറഞ്ഞുപോന്നു.

1673—ചാത്യാത്തു കർമ്മലീത്താ മിഷനറിമാരുടെ ആദ്യത്തെ പള്ളി സ്ഥാപനം. പിന്നീടു് ആ ആണ്ടിൽ വരാപ്പുഴയിലും സ്ഥാപിച്ചു. ഇവ രണ്ടിനും അനുവാദം പള്ളിവീട്ടിൽ (പറമ്പിൽ) ചാണ്ടി മെത്രാനാണു കൊടുത്തതു്.

1674 മാച്ചു് 3—ചാത്യാത്തുപള്ളി ചാണ്ടിമെത്രാൻ exempt ആക്കി കല്പന കൊടുത്തു. ഇതിൽ മുൻകാലങ്ങളിലെ സുറിയാനി മേലദ്ധ്യക്ഷന്മാരെപ്പോലെ ഇദ്ദേഹവും ഇന്ത്യ ഒക്കെയുടേയും മെത്രാപ്പോലീത്താ എന്നാണു് എഴുതിയിരിക്കുന്നതു്. സുറിയാനി കത്തോലിക്കരിൽനിന്നു പിരിഞ്ഞ കത്തോലിക്കേതരമേലദ്ധ്യക്ഷന്മാരും ഇപ്പോഴും ഇങ്ങനെതന്നെയാണെഴുതുന്നതു്.

1687 ജനുവരി 2—പള്ളിവീട്ടിൽ ചാണ്ടിമെത്രാന്റെ ചരമം.

1782 ഡിസംബർ 16—ആലങ്ങാട്ട് (മങ്ങാട്ട്) കരിയാറ്റിൽ മാർ യൗസേപ്പ് (Ph. D., D. D., of Propaganda, 2 Aug. 1766) കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായായി തെരഞ്ഞെടുക്കപ്പെട്ടു. 1783 മാർച്ചിൽ അഭിഷേകം (ലിസ്ബൺ).

1786 സെപ്തംബർ 10 — കരിയാറിൽ മെത്രാപ്പോലീത്തായുടെ ചരമം (ഗോവ). പഴയ ഗോവയിലെ കത്തീഡ്രൽ ആയ വി. കത്രീനായുടെ പള്ളിയിൽ അടക്കപ്പെട്ടു. കൂടെയുണ്ടായിരുന്ന പാറേമ്മാക്കൽ തോമ്മാ കത്തനാർ കൊടുങ്ങല്ലൂർ അതിരൂപതയുടെ ഗോവർണ്ണദോരായി (Administrator) നിയമിക്കപ്പെട്ടു. കരിയാറിൽ മെത്രാപ്പോലീത്താ ഒരുമിച്ച് ഇദ്ദേഹം റോമിലേക്കും മറ്റും ചെയ്ത യാത്ര സംബന്ധിച്ച് 1785 സെപ്തംബർ 1-ൽ "വർത്തമാനപ്പുസ്തകം" എന്നു പറഞ്ഞുവരുന്ന ചരിത്രം എഴുതിത്തുടങ്ങി. രണ്ടു പുസ്തകമുണ്ടെന്നാണറിയുന്നതു്.

1799 മാച്ച് 20—പാറേമ്മാക്കൽ തോമ്മാ ഗോവർണ്ണദോരുടെ ചരമം.

1818—C. M. S. മിഷനറിമാരുടെ വരവും പ്രോട്ടസ്റ്റൻറുമതവും.

1831 മേയ് 11—വൈദികരുടെ കർമ്മലീത്താ മൂന്നാംസഭ (മാന്നാനം)

1840 ഏപ്രിൽ 10 — വരാപ്പുഴ താമസിച്ചുകൊണ്ടിരുന്ന മലബാറിൻറെ വികാരി അപ്പസ്തോലിക്കമാരിൽ ഫ്രാൻസിസ് സേവ്യർ ഒ. സി. ഡി. മെത്രാനു് ആദ്യമായി ആർച്ചുബിഷപ്പു് (സർദിയായുടെ) സ്ഥാനം നല്കപ്പെട്ടു.

1861 സെപ്തംബർ 5—റോക്കോസു മെത്രാനെ മഹദോൻ ചൊല്ലാൻ റോമാലെ കല്പന.

1866 ഫെബ്രുവരി 13 — കന്യാസ്ത്രീകളുടെ കർമ്മലീത്താ മൂന്നാംസഭ (ക്ലനമ്മാവു്)

1866 ആഗസ്റ്റ് 13 — പുത്തൻപള്ളിപ്പള്ളി വക സ്ഥലത്തു സെമിനാരി ആരംഭം.

1866—ആലുവാപ്പുഴ സമീപം ചുറ്റും മതിലും രണ്ടുനില ബംഗ്ലാവും വിലപിടിച്ച വൃക്ഷങ്ങളും മറ്റുമുള്ളതും നാല്പതേക്കറോളം വിസ്താരമുള്ളതുമായ മംഗലപ്പുഴ (Mons Formosa) 1041 കർക്കടകത്തിൽ ഷെട്ട്ലറിൽ നിന്നു്, കൊട്ടങ്ങല്ലൂർ ശ്രുപതയിലായിരുന്ന സുറിയാനിക്കാരുടെ സെമിനാരിക്കായിട്ടും അവരുടെ ഗുണത്തിനായി അവരുടെ മേലദ്ധ്യക്ഷൻ നിശ്ചയിക്കുന്ന മറ്റു കാര്യത്തിനായിട്ടും, അവരുടെ പേർക്കു് പാറായിൽ അവിരാ വർക്കിത്തരകന്റെ പേരിൽ വിലയ്ക്കു വാങ്ങിയ തീറും ടി വർക്കിത്തരകൻ ടി സംഗതിക്കായി ഗോവാ മെത്രാപ്പോലീത്തായുടെ പേരിൽ തീറും; (കൊച്ചി അരമനയിലുള്ള അസ്സൽ പ്രമാണങ്ങളുടെ പകർപ്പു "എറണാകുളം മിസ്സം" മാസികയിൽ Vol. VII pp. 21–24) ടി സ്ഥലവും കെട്ടിടങ്ങളും ഗോവാ മെത്രാപ്പോലീത്താ, കൊച്ചി മെത്രാനച്ചന്റെ സൂക്ഷത്തിനേല്പിച്ചിരുന്നതാണെന്നാണറിവു്. ഗോവാ മെത്രാപ്പോലീത്തായ്ക്കു് എഴുതിയ തീറിൽ പറയുന്ന ഉദ്ദേശ്യം 1898 ജൂൺ 2-ാം തീയതിയിലെ Prot 8402-ാം നമ്പർ കല്പനയനുസരിച്ചു പ്രോപ്പഗാന്താ തിരുസംഘവും, തുടർന്നു് അംഗീകരിച്ചിട്ടുണ്ടു്.

1874 ആഗസ്റ്റു് 1—മേലൂസുമെത്രാനെ മഹറോൻ ചൊല്ലുവാനുള്ള റോമിലെ കല്പന ഒക്ടോബർ 25-ൽ പരസ്യം ചെയ്തു. തൃശ്ശൂരെ "സുറായി" ആശീശ്മയുടെ അവശിഷ്ടം.

1876 — യാക്കോബായ പാത്രിയർക്കീസു് മുടക്കിയ പാലക്കുന്നത്തു മാർ മാത്യൂസു് അത്തനാസിയോസിന്റെ കാലം മുതൽ നവീകരണസഭ ('മാർത്തോമ്മാ സഭ')

1877 ഒക്ടോബർ 12 — മർസലീനോസു് കോദ്യത്തോർ മെത്രാന്റെ അഭിഷേകം.

1877 നവംബർ 15—മർസലീനോസു് മെത്രാനു് സുറിയാനിക്കാരുടെ മേലുള്ള അംഗീകാരനിഷ്ണയം. 1878 മാർച്ചു് 19 ടി ഭരണം തുടങ്ങി.

1886 സെപ്തംബർ 1 — ഇന്ത്യയിലെ ലത്തീൻ ഹയരാർക്കി സ്ഥാപനം ("Humanae Salutis Auctor" of Leo XIII); ഇതോടുകൂടി കർമ്മലീത്തരായ മുൻഗാമികളെപ്പോലെ വരാപ്പുഴ ആസ്ഥാനമാക്കിയിരുന്ന നിക്കോമേദിയായുടെ മെത്രാപ്പോലീത്തായും മലബാറിന്റെ അപസ്താനത്തെ വികാരി അപ്പസ്തോലിക്കയുമായ ഡോക്ടർ മെല്ലാനൊ വരാപ്പുഴയുടെ ആദ്യത്തെ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടു.

1887 മേയ് 20—വരാപ്പുഴത്തെ കർമ്മലീത്ത മെത്രാപ്പോലീത്തായുടെ കീഴിൽ നിന്നും പദ്വാദോക്കീഴിൽനിന്നും പൂർണ്ണമായി വിച്ഛേദിച്ചു പരി. സിംഹാസനത്തിൻെറ നേരിട്ടുള്ള അധികാരത്തിൻകീഴായി മലബാറിനെ ആലുവാപ്പുഴകൊണ്ടു രണ്ടായി തിരിച്ചു, സുറിയാനിക്കാർക്കു തൃശ്ശൂരും, കോട്ടയവും (വടക്കുംഭാഗവും തെക്കുംഭാഗവും ഉൾപ്പെടുന്ന) വികാരിയാത്തുകളുടെ സ്ഥാപനം ("Quod jam pridem" of Leo XIII).

1887 സെപ്തംബർ 13—ടി ബുളയന്നുസരിച്ചു ലത്തീൻ റീത്തിൽപ്പെട്ട ഡോ. മെഡ്ലിക്കോട്ട (തൃശ്ശൂർ), ഡോ. ലവീഞ്ഞു എസ്. ജെ. (കോട്ടയം) മെത്രാന്മാരുടെ തെരഞ്ഞെടുപ്പു്. ഡിസംബർ 11 മെഡ്ലിക്കോട്ട മെത്രാൻെറ അഭിഷേകം.

1896 ജൂലൈ 28—തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി വികാരിയാത്തുകളുടെ സ്ഥാപനം ("Quae Rei Sacrae" of Leo XIII).

1896 ആഗസ്റ്റ് 11—ആധുനികകാലത്തെ ഇന്ത്യാ സ്വദേശികളായ ആദ്യത്തെ മെത്രാന്മാരായി മേനാച്ചേരിൽ മാർ യോഹന്നാൻ (തൃശ്ശൂർ), പഴേപറമ്പിൽ മാർ ളയീസ് (എറണാകുളം), മാക്കീൽ മാർ മത്തായി (ചങ്ങനാശ്ശേരി) മെത്രാന്മാരുടെ തെരഞ്ഞെടുപ്പു്. ഒക്ടോബർ 25 പ്രസ്തുത മെത്രാന്മാരുടെ അഭിഷേകം (കാണ്ടി).

1911 ആഗസ്റ്റ് 29—തെക്കുംഭാഗക്കാർക്കായുള്ള പുതിയ കോട്ടയം വികാരിയാത്തു സ്ഥാപനം ("In Universi Christiani" of St. Pius X). മാക്കീൽ മാർ മത്തായി മെത്രാനെ അതിൻെറ അദ്ധ്യക്ഷനാക്കി.

1911 ആഗസ്റ്റ് 29—എറണാകുളത്തെ കോ അദ്യത്തോർ മെത്രാനായി കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരഞ്ഞെടുക്കപ്പെട്ടു.

1911 ആഗസ്റ്റ് 30—കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാൻെറ തിരഞ്ഞെടുപ്പു്.

1911 ഡിസംബർ 3—കണ്ടത്തിൽ മാർ ആഗുസ്തീനോസ് കുര്യാളശ്ശേരിൽ മാർ തോമ്മാ ഇവരുടെ മെത്രാഭിഷേകം (കാണ്ടി)

1913 ജൂലൈ 11—ലവീഞ്ഞുമെത്രാൻെറ ചരമം (France).

1914 ജനുവരി 26—മാക്കീൽ മാർ മത്തായി മെത്രാൻെറ ചരമം (കോട്ടയം)

1914 ജൂലൈ 16—ചൂളപ്പറമ്പിൽ മാർ അംബ്രോസ് മെത്രാൻെറ തിരഞ്ഞെടുപ്പു്. നവമ്പർ 1 അഭിഷേകം.

1918 മേയ് 4—മെഡ്ലിക്കോട്ട മെത്രാന്റെ ചരമം (ബാങ്കളൂർ).

1919 ഡിസംബർ 9—പഴേപറമ്പിൽ മാർ ളൂയീസ് മെത്രാന്റെ ചരമം (എറണാകുളം).

1919 ഡിസംബർ 19 — മേനാച്ചേരിൽ മാർ യോഹന്നാൻ മെത്രാന്റെ ചരമം (തൃശ്ശൂർ).

1921 ഏപ്രിൽ 5—വാഴപ്പിള്ളിൽ മാർ ഫ്രാൻസിസ് മെത്രാന്റെ തിര ഞ്ഞെടുപ്പ്. ജൂലൈ 6 അഭിഷേകം (തൃശ്ശൂർ).

1923 ഡിസംബർ 21—അനേകം കൊല്ലങ്ങളിലെ അഭ്യർത്ഥനയുടെ ഫല മായി തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം സാമന്തരൂപതകളും എറണാ കുളം അതിരൂപതയുമാക്കിയുള്ള മലയാളസുറിയാനി ഹയരാർക്കി സ്ഥാപനം. (Romani Pontifices of Pius XI).

1923 ഡിസംബർ 21—ആധുനികകാലത്തു് ഇന്ത്യാ സ്വദേശിയായ ആദ്യത്തെ മെത്രാപ്പോലീത്തയായി കണ്ടത്തിൽ മാർ ആഗസ്തീനോസ് മെത്രാൻ നിയമിക്കപ്പെട്ടു.

1924 നവംബർ 16 — മലയാളസുറിയാനി ഹയരാർക്കി സ്ഥാപനബുള, മാപ്പുപ്പായാൽ നിയമിക്കപ്പെട്ട ലപ്പീസിയെ (Lepicier) മെത്രാപ്പോലീത്താ എറണാകുളത്തു വച്ചു പരസ്യം ചെയ്തു. കണ്ടത്തിൽ മാർ ആഗസ്തീനോസ് മെത്രാപ്പോലീത്തായെ Pallium ധരിപ്പിക്കയും ചെയ്തു.

1925 ജൂൺ 2—കുര്യാളശ്ശേരിൽ മാർ തോമ്മാമെത്രാന്റെ ചരമം. റോമായിൽ കണ്ടത്തിൽ മാർ ആഗസ്തീനോസ് മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ: സംസ്കാരകർമ്മത്തിൽ പ്രധാന കാർമ്മികൻ കണ്ടത്തിൽ മെത്രാപ്പോലീത്താ.

1927 ഒക്ടോബർ 29—കാളാശ്ശേരിൽ മാർ യാക്കോബു മെത്രാന്റെ തിര ഞ്ഞെടുപ്പ്. ഡിസംബർ 21 അഭിഷേകം (ചങ്ങനാശ്ശേരി)

1929 ഫെബ്രുവരി 14 — വത്തിക്കാനും ഇറ്റലിയും തമ്മിൽ ഒപ്പുവച്ച "ലാറ്ററൻ സന്ധി."

1930 സെപ്തംബർ 20—യാക്കോബായസഭയിൽനിന്നു മാർ ഇവാനിയോസു് മെത്രാപ്പോലീത്തായുടേയും മാർ തിയോഫിലസ് മെത്രാന്റെയും പുനരൈക്യം.

1932 ജൂൺ 1 — സുറിയാനിക്കാരുടെ വകയായ മംഗലപ്പുഴയിലുള്ള പഴയ സെമിനാരി കെട്ടിടം നീക്കി തൽസ്ഥാനത്തു പണിയിച്ചതും പുത്തൻ പള്ളിയിലെ സീറോമലബാർ സെമിനാരിയെപ്പോലെതന്നെ പൗരസ്ത്യ തിരുസ്സംഘത്തിന്റെ കീഴിൽ Delegate Ap Internuncio-യുടെ നേരിട്ടുള്ള ഭരണത്തിലുള്ളതുമായ പുതിയ സെമിനാരിയിൽ പഠനാരംഭം.

1932 ജൂൺ 11—സീറോ-മലങ്കര ഹയരാർക്കി സ്ഥാപനം.

1933 നവംബർ 6—തിരുവല്ലാ ശ്രുപതാസ്ഥാപനം.

1936 ഡിസംബർ 9—ഇന്ത്യാ സ്വദേശികളിൽ ആദ്യമായി തിരുസിംഹാസനസഹായകൻ (Pontificis Solio adstans Praelatus Domesticus et Nobilis Comes) എന്നുള്ള സ്ഥാനം എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗുസ്തീനാസിനു നൽകപ്പെട്ടു.

1937 നവംബർ 29—മാർ സെവേരിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യം.

1939 മാർച്ച് 2—XII-ാം പീയൂസ് മാർപ്പാപ്പായുടെ കിരീടധാരണം.

1942 മേയ് 12—വാഴപ്പിള്ളിൽ മാർ ഫ്രാൻസിസ് മെത്രാന്റെ ചരമം (തൃശ്ശൂർ).

1944 മാർച്ച് 11—ആലപ്പാട്ട് മാർ ജോർജ് മെത്രാന്റെ തിരഞ്ഞെടുപ്പ്. (തൃശ്ശൂർ) മേയ് 1 അഭിഷേകം.

1945 ജൂൺ 9 — തറയിൽ മാർ തോമ്മാ മെത്രാന്റെ തിരഞ്ഞെടുപ്പ് (കോട്ടയം). ഒക്ടോബർ 7 അഭിഷേകം.

1949 ഒക്ടോബർ 27—കാളാശ്ശേരി മാർ യാക്കോബു മെത്രാന്റെ ചരമം (ചങ്ങനാശ്ശേരി).

1950 ജനുവരി 6-18—ബാങ്കളൂരിൽ ഇന്ത്യയുടെ ആദ്യത്തെ പൊതുസൂനഹദോസ്; കർദ്ദിനാൾ തോമസ് ഗിൽറോയി അദ്ധ്യക്ഷൻ. മൂന്നു റീത്തിലും പെട്ടവരായി മേലദ്ധ്യക്ഷന്മാരും പ്രതിനിധികളും കൂടി 56-ം അതിലെ ഓരോ കാര്യങ്ങൾ സംബന്ധിച്ചു വേറെ 52-ം പേരുണ്ടായിരുന്നു. (16 Sessions) — തിരുസിംഹാസനത്തിന്റെ അംഗീകരണം 1951 മാർച്ച് 15.

1950 ജൂലൈ 25 — എറണാകുളം അതിരൂപതയുടെ സാമന്തരൂപതയായി പാലാ രൂപതാസ്ഥാപനം (Quo Ecclesiarum of Pius XII); കാവുകാട്ട് മാർ മത്തായി (ചങ്ങനാശ്ശേരി), വയലിൽ മാർ സെബാസ്റ്റ്യൻ (പാലാ) മെത്രാന്മാരുടെ തിരഞ്ഞെടുപ്പ്.

1950 നവംബർ 9—കാവുകാട്ട് മാർ മത്തായി, വയലിൽ മാർ സെബാസ്റ്റ്യൻ മെത്രാന്മാരുടെ അഭിഷേകം (റോമാ).

1951 ജനുവരി 8—ചൂളപ്പറപ്പിൽ മാർ അലക്സാണ്ടർ മെത്രാന്റെ ചരമം (കോട്ടയം)

1952 ഡിസംബർ 28 — എറണാകുളത്തു വച്ചു വിശുദ്ധ തോമ്മാശ്ലീഹായുടേയും വി. ഫ്രാൻസിസ് സേവ്യറിന്റേയും ശതാബ്ദ്യാഘോഷങ്ങളിലെ പേപ്പൽ പ്രതിനിധിയായി സിഡ്നി മെത്രാപ്പോലീത്താ കാർഡിനൽ തോമസ് ഗിൽറോയിയുടെ ആഗമനം. എറണാകുളം മെത്രാപ്പോലീത്തായുടെ സ്വാഗതപ്രസംഗം.

1952 ഡിസംബർ 28-31—മാർ തോമ്മാശ്ലീഹാ കേരളത്തിൽ വന്നതിന്റെ 19-ാം ശതാബ്ദിയും വി. ഫ്രാൻസിസ് സേവ്യറിന്റെ മരണത്തിന്റെ 4-ാം ശതാബ്ദിയും സംബന്ധിച്ച് എറണാകുളം Metropolitan See-യിൽ വച്ചുള്ള ജൂബിലിയാഘോഷങ്ങൾ; അതു പ്രമാണിച്ചുള്ള 1952 നവംബർ 15-ലെ തിരുവെഴുത്ത് (Constat profecto of Pius XII).

1952 ഡിസംബർ 31—എറണാകുളത്തു ശതാബ്ദിയാഘോഷങ്ങളുടെ അവസാന ദിവസം—കർദ്ദിനാൾ ഗിൽറോയിയുടേയും ഡോക്ടർ ഗ്രേഷ്യസ് ഉൾപ്പെടെയുള്ള ഇന്ത്യയിലെ മെത്രാപ്പോലീത്താമാരുടേയും മെത്രാന്മാരുടേയും സാന്നിദ്ധ്യം—ഇന്ത്യാ സ്വദേശിയായ ആദ്യത്തെ കർദ്ദിനാളായി ബോംബെ മെത്രാപ്പോലീത്താ ഡോക്ടർ വലേരിയൻ ഗ്രേഷ്യസ് തിരുമേനി തിരഞ്ഞെടുക്കപ്പെട്ട കമ്പിസന്ദേശം ലഭിച്ചു.

1953 ജനു. 29—തിരുവനന്തപുരം സഹായമെത്രാനായി മാർ ഗ്രിഗോറിയോസിന്റെ അഭിഷേകം.

1953 മാർച്ച് 2—വൈദികരുടെ കർമ്മലീത്താസഭയ്ക്കു മൂന്നു പ്രോവിൻസുകൾ നിശ്ചയിച്ചു.

1953 ജൂലൈ 15—മാർ ഇവാനിയോസ് മെത്രാപ്പോലീത്തായുടെ ചരമം (തിരുവനന്തപുരം)

1953 ഒക്ടോബർ 28—അരെത്തൂസായുടെ മെത്രാനും എറണാകുളം മെത്രാപ്പോലീത്തായുടെ സഹായമെത്രാനുമായി പാറേക്കാട്ടിൽ മാർ യൗസേപ്പു തിരഞ്ഞെടുക്കപ്പെട്ടു.

1953 നവം. 11—പൗരസ്ത്യതിരുസ്സംഘത്തിന്റെ സെക്രട്ടറിയും കർദ്ദിനാൾ സംഘത്തിന്റെ അദ്ധ്യക്ഷനുമായ കർദ്ദിനാൾ Tisserant തിരുമനസ്സു കൊണ്ടു് കേരളസന്ദർശനാർത്ഥം എറണാകുളത്തു വന്നു. എറണാകുളം മെത്രാപ്പോലീത്തായുടെ സ്വാഗതപ്രസംഗം. സഹായമെത്രാനായി പാറേക്കാട്ടിൽ മാർ യൗസേപ്പുമെത്രാനെ തിരഞ്ഞെടുത്ത വാർത്ത കർദ്ദിനാൾ പ്രഖ്യാപിച്ചു.

1953 നവം. 30—എറണാകുളത്തുവച്ചു കർദ്ദിനാൾ തിസ്സറാൻ തിരുമേനി പാറേക്കാട്ടിൽ മാർ യൗസേപ്പുമെത്രാന്റെ അഭിഷേകം നടത്തി.

1953 ഡിസം. 6—മൈലാപ്പൂരിൽനിന്നു് എദേസ്സായ്ക്കു കൊണ്ടുപോകപ്പെട്ടകയും അവിടെനിന്നു പിന്നീടു് ഇറാലിയിൽ Ortona a Mare പട്ടണത്തിൽ കൊണ്ടുപോയി സൂക്ഷിക്കപ്പെട്ടകയും ചെയ്തിരിക്കുന്ന വി. തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകളിൽനിന്നു കയ്യുടെ ഒരസ്ഥി കർദ്ദിനാൾ തിസ്സറാൻ തിരുമേനി കൊണ്ടുവന്നു കൊട്ടങ്ങല്ലൂരു് പൗരസ്ത്യതിരുസ്സംഘത്തിന്റെ കീഴിലും പ്രോനൺഷിയേയുടെ മേൽനോട്ടത്തിലും സ്ഥാപിച്ചിരിക്കുന്ന Pontifical Shrine-ൽ ആഘോഷപൂർവ്വം പ്രതിഷ്ഠിച്ചു.

1953 ഡിസംബർ 31—എറണാകുളം അതിരൂപതയുടെ കീഴിൽ തലശ്ശേരി രൂപതയുടെ സ്ഥാപനവും മോൺ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അവർകൾ അതിന്റെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കയായിട്ടുള്ള നിയമനവും (Ad Christi Ecclesiam of Pius XII).

1954 ഏപ്രിൽ 22 — തിരുവല്ലാ മെത്രാൻ മാർ തിയോഫിലസ് തിരുമേനിയുടെ സഹായമെത്രാനായി സഖറിയാസ് മാർ അത്തനാസിയോസിന്റെ അഭിഷേകം.

1955 ജനുവരി 18 — തിരുവല്ലാ മെത്രാപ്പോലീത്താ മാർ സെവേരിയോസിന്റെ മരണം.

1955 ജനുവരി 27—മാർ ഗ്രിഗോറിയോസ്, തിരുവനന്തപുരം മെത്രാപ്പോലീത്താ; ജനു. 27—മാർ അത്തനാസിയോസ്, തിരുവല്ലാ മെത്രാൻ.

1955 ഏപ്രിൽ 28 — സീറോമലബാർ ഹയരാക്കിയുടെ അധികാരപരിധി വികസനം സംബന്ധിച്ചുള്ള പന്ത്രണ്ടാം പീയൂസ് മാപ്പ്പ്പാ തിരുമനസ്സിലെ തീരുമാനം.

1955 ഏപ്രിൽ 29—തത്സംബന്ധമായി പൗരസ്ത്യതിരുസംഘത്തിന്റെ ഡിക്രികൾ.

a) 'Multorum Fidelium' —ചങ്ങനാശ്ശേരി രൂപതയുടെ അതിർത്തി കൊല്ലം, തിരുവനന്തപുരം, കോട്ടാർ എന്നീ രൂപതാപ്രദേശങ്ങൾ മുഴുവനും ഉൾപ്പെടുത്തി, തെക്കോട്ട കന്യാകുമാരിവരെ വികസിപ്പിച്ചു.

